بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ: ഖുത്വ്ബ**
**സംഗ്രഹം**
**25-07-2025**

# യു.കെ ജൽസ സാലാന: അതിഥികൾക്കും ആതിഥേയർക്കുമുള്ള നിർദേശങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ ഹദീഖത്തുൽ മഹ്ദിയിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഇന്ന് വൈകുന്നേരം മുതൽ ഇൻഷാ അല്ലാഹ്, ബ്രിട്ടനിലെ വാർഷിക സമ്മേളനത്തിന്റെ (ജൽസ സലാന) നടപടിക്രമങ്ങൾ ഔദ്യോഗികമായി ആരംഭിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞതു പോലെ ഈ ജൽസ വലിയ പ്രാധാന്യമുള്ളതാണ്. ഇതിൽ ജമാഅത്തിന്റെ വൈജ്ഞാനികവും ധാർമ്മികവും ആത്മീയവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുണ്ട്. പങ്കെടുക്കുന്ന എല്ലാവർക്കും ഇതിൽ നിന്ന് പൂർണ്ണ പ്രയോജനം നേടാൻ അല്ലാഹു തആലാ തൗഫീഖ് നൽകട്ടെ. ഈ സമയത്ത് ഞാൻ സമ്മേളനത്തിൽ ഡ്യൂട്ടി ചെയ്യുന്നവരോടും പങ്കെടുക്കുന്നവരോടും ചില കാര്യങ്ങൾ പറയുന്നതാണ്.

ഇസ്‌ലാമിൽ അതിഥികളെ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനും വലിയ ഊന്നൽ നൽകിയിട്ടുണ്ട്. നബി തിരുമേനി (സ)യും ഇതിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: അതിഥിക്ക് ന്യായമായ അവകാശം നൽകുക, ഈ ന്യായമായ അവകാശം സാഹചര്യങ്ങൾക്കനുസരിച്ച് കുറച്ച് ദിവസത്തെ ആതിഥേയത്വമാണ്. നബി തിരുമേനി (സ)യുടെ ഈ ഉപദേശത്തിന്റെ ഫലമായി സ്വഹാബികൾ ത്യാഗം സഹിച്ചും തങ്ങളുടെയും ഭാര്യമാരുടെയും കുട്ടികളുടെയും വയറ് മുറുക്കിയും തങ്ങളുടെ അവകാശങ്ങൾ ഉപേക്ഷിച്ചും അതിഥികളെ സൽക്കരിച്ചിരുന്നു.

അതിനാൽ, ഈ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളായി ജൽസ കേൾക്കാൻ വരുന്നവരെ എല്ലാ രീതിയിലും സേവിക്കുകയും അതിഥികളെ സൽക്കരിക്കുകയും ചെയ്യേണ്ടത് ഓരോ പ്രവർത്തകന്റെയും, ഓരോ ഡ്യൂട്ടി ചെയ്യുന്നവന്റെയും, ഏതൊരു വകുപ്പിലോ വിഭാഗത്തിലോ ജോലി ചെയ്യുന്ന ഓരോ ഉദ്യോഗസ്ഥന്റെയും കടമയാണ്. ഈ ദിവസങ്ങളിൽ പ്രത്യേകിച്ചും കഠിനാധ്വാനം, ക്ഷമ, പ്രാർത്ഥന എന്നിവയോടെ പ്രവർത്തിക്കുക. അതിഥികളിൽ നിന്ന് ചിലപ്പോൾ കഠിനമായ വാക്കുകൾ കേൾക്കേണ്ടി വന്നാൽ പോലും, ഉയർന്ന ധാർമ്മികത പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി നേടുന്നതിനായി അവയെ അവഗണിക്കുക. ഇവിടെ വിവിധ വകുപ്പുകളുണ്ട്. ഓരോ വകുപ്പിലെയും ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ സഹായികളും തങ്ങളുടെ കടമകൾ ഭംഗിയായും സ്ദസ്വഭാവത്തോടെയും നിർവഹിക്കണം എന്ന് കഴിഞ്ഞ ഖുതുബയിലും ഞാൻ ചുരുങ്ങിയ നിലയിൽ പറഞ്ഞിരുന്നു. ഈ വിഷയത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ) നിരവധി സംഭവങ്ങളുണ്ട്. അതിഥികളോട് നല്ല രീതിയിൽ എങ്ങനെ പെരുമാറണമെന്ന് അവിടുന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അവിടുത്തെ നിർ

ദ്ദേശങ്ങളും സംഭവങ്ങളും അവിടുത്തെ ജീവചരിത്ര ഗ്രന്ഥങ്ങളിൽ വിവിധ രൂപങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആസാമിൽ നിന്ന് വന്ന അതിഥികൾക്ക് അവിടുന്ന് എങ്ങനെയാണ് ആതിഥ്യമരുളിയത് എന്നതിനെക്കുറിച്ചുള്ള ഒരു പ്രസിദ്ധമായ സംഭവമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് അവരെ ശ്രദ്ധിച്ചത് എന്ന് നമ്മൾ കേൾക്കുമ്പോൾ അത് നമ്മെ ആനന്ദതുന്ദിലമാക്കുന്നു. എന്നാൽ ഇത് എല്ലാ പ്രവർത്തകർക്കും, ഡ്യൂട്ടി ചെയ്യുന്ന എല്ലാവർക്കും, ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ) അതിഥികളെ സേവിക്കാൻ സ്വയം മുന്നോട്ട് വരുന്ന എല്ലാവർക്കും ഒരു പാഠമാണ്.

അതുപോലെ, അതിഥിയോടുള്ള പെരുമാറ്റത്തിന്റെ മറ്റൊരു ഉദാഹരണം ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഞാൻ ലാഹോറിൽ നിന്ന് ഖാദിയാനിൽ വന്നതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ എനിക്ക് ഭക്ഷണം കൊണ്ടുവന്നു. എന്നെ കണ്ട് അവിടുന്ന് പറഞ്ഞു, നിങ്ങൾ ഭക്ഷണം കഴിക്കുക, ഞാൻ ഇപ്പോൾ വെള്ളം കൊണ്ടുവരാം. അദ്ദേഹം പറയുന്നു, ആ സമയത്ത് ഞാൻ അറിയാതെ എന്റെ കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞു. നമ്മുടെ നേതാവും വഴികാട്ടിയുമായ ഹദ്റത്ത് മസീഹ്മൗഊദ്(അ) നമുക്ക് വേണ്ടി ഈ സേവനം ചെയ്യുമ്പോൾ, നമ്മൾ പരസ്പരം എത്രമാത്രം സേവനം ചെയ്യണം. ഉദാത്തമായ മാതൃകയാണത്. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാമിന്റെ ജീവചരിത്രത്തിൽ നമുക്ക് ആതിഥേയത്വത്തിന്റെ ഇത്തരം നിരവധി സംഭവങ്ങൾ കാണാൻ കഴിയും.

അവിടുന്ന് ഒരിക്കൽ ആളുകളോട് പറഞ്ഞു: ഒരു അതിഥിക്ക് പോലും ബുദ്ധിമുട്ടുണ്ടാകരുത് എന്ന് ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. അതിഥികൾക്ക് കഴിയുന്നത്ര ആശ്വാസം നൽകണമെന്ന് ഞാൻ എപ്പോഴുംനിർദ്ദേശിക്കാറുണ്ട്.അതിഥിയുടെഹൃദയം കണ്ണാടി പോലെ ലോലമാണ്. ചെറിയൊരു മുറിവ് പോലും ഹൃദയം തകർക്കും. അതുകൊണ്ട്, അതിനെ സംരക്ഷിക്കുക.

അതിനാൽ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം തന്റെ യജമാനന്റെയും മാർഗദർശിയുടെയും പാത പിന്തുടർന്ന് അതിഥികളെ സൽക്കരിക്കുന്നതിനായി നമുക്ക് നൽകിയ മാതൃകയും ഉപദേശവുമാണ് ഇത്. അവിടുന്ന് ലങ്കർഖാനയുടെ ചുമതലക്കാരനായ മിയാൻ നജ്മുദ്ദീനോട് പറഞ്ഞു, നോക്കൂ, ധാരാളം അതിഥികൾ വന്നിട്ടുണ്ട്, അവരിൽ ചിലരെ നിങ്ങൾക്ക് പരിചയമുണ്ട്, ചിലരെ പരിചയമില്ല. അതുകൊണ്ട് എല്ലാവരെയും ആദരണീയരായി കണ്ട് അവർക്ക് ആതിഥ്യമരുളുകയാണ് ഉചിതം.

അതിനാൽ, തനിക്ക് ഏത് സ്ഥലത്തും ഏത് വകുപ്പിലുമാണോ ഡ്യൂട്ടി ഉള്ളത്, അവിടെ അതിഥികൾക്ക് ആതിഥ്യമരുളുന്നതിന്റെ കടമകൾ പൂർണ്ണമായി നിറവേറ്റാൻ ഓരോ പ്രവർത്തകനും എപ്പോഴും ശ്രമിക്കേണ്ടതാണ്. വിവിധ വകുപ്പുകളുണ്ട്. ടിക്കറ്റ് നല്കുന്നത് മുതൽ സമ്മേളന സ്ഥലത്ത് വരുന്നതുവരെയുള്ള വകുപ്പുകളുണ്ട്. അതിഥികൾക്ക് അവിടെയുള്ള പ്രവർത്തകരുമായി ബന്ധപ്പെടേണ്ടി വരുന്നു. അവിടെ ഓരോ പ്രവർത്തകനും തന്റെ സദ്സ്വഭാവവും ഉയർന്ന ധാർമ്മികതയും പ്രകടിപ്പിക്കണം. ഭക്ഷണം പാചകം ചെയ്യുന്നതും ഭക്ഷണം നൽകുന്നതുമായ വകുപ്പുകളുണ്ട്. ഈ വകുപ്പുകളും ആതിഥേയത്വത്തിന്റെ കടമ നിറവേറ്റണം, കാരണം ഇത് ആതിഥേയത്വത്തിന്റെ ഒരു പ്രധാന ഭാഗമാണ്. അതിഥികൾക്ക് വയറ് നിറയെ ഭക്ഷണം നൽകുകയും ബഹുമാനത്തോടെ നൽകുകയും ചെയ്യുക എന്നതായിരിക്കണം ശ്രമം. ലങ്കർഖാനയിൽ ജോലി ചെയ്യുന്നവർ നല്ല നിലവാരമുള്ള ഭക്ഷണം പാചകം ചെയ്യാൻ ശ്രമിക്കണം. ആവശ്യത്തിനനുസരിച്ച് ഭക്ഷണം ലഭ്യമാണെന്നും കുറവ് വരുന്നില്ലെന്നും ഉറപ്പാക്കുക. ശുചീകരണ വിഭാഗത്തിൽ പൂർണ്ണ ശ്രദ്ധ നൽകുക. ശുചിത്വം വിശ്വാസത്തിന്റെ ഭാഗമാണ്. ചില ആളുകൾക്ക് ശരിയായ ധാരണയില്ല, അവർ സമ്മേളനം പൂർണ്ണമായി കേൾക്കുന്നില്ല. ഇവിടെ അച്ചടക്കം പാലിക്കാൻ നിശ്ചയിക്കപ്പെട്ടവർ സ്ത്രീകൾക്കും പുരുഷന്മാർക്കും സ്നേഹത്തോടും സൗമ്യതയോടും കൂടി മനസ്സിലാക്കാൻ ശ്രമിക്കുക. എന്തായാലും, എല്ലാ സ്ഥലത്തും ഈ കാര്യം ശ്രദ്ധിക്കണം. പ്രവർത്തകർ ഈ ദിവസങ്ങളിൽ സദ്പെരുമാറ്റത്തിന്റെ ഒരു പ്രത്യേക മാതൃക കാണിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രകടിപ്പിച്ച പ്രതീക്ഷകൾക്ക് അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക.

അതുപോലെ, അതിഥികളോടും ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചില അനഹ്മദി അതിഥികളും ഇവിടെ വരുന്നുണ്ടെങ്കിലും, അവർക്കായി ഒരു പ്രത്യേക വിഭാഗം വേറെ സ്ഥാപിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേകമായി ആതിഥ്യമരുളുന്നു. കാരണം അവർ അഹ്മദികളല്ല. എന്നാൽ ഈ ചുരുക്കം ചിലരൊഴിച്ച്, ഭൂരിഭാഗം വരുന്ന അഹ്മദികളായ എല്ലാ അതിഥികളും ഇവിടെ ജൽസ കേൾക്കാൻ വന്നവരാണ്. അതുകൊണ്ട് ഏർപ്പാടുകൾ നിങ്ങൾക്ക് വേണ്ടി ശരിയായി ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നതിനോ, നിങ്ങൾക്ക് ശരിയായി ആതിഥ്യമരുളുകയുണ്ടായോ ഇല്ലയോ എന്നതിനോ, ഏതെങ്കിലും

പ്രവർത്തകൻ എങ്ങനെയാണ് പെരുമാറിയത് എന്നതിനോ പ്രാധാന്യം നൽകരുത്. യഥാർത്ഥ ലക്ഷ്യം ആത്മീയ നേട്ടങ്ങൾ കൈവരിക്കുക എന്ന താണ്. നിങ്ങൾ അതിനായി ശ്രമിക്കുകയാണ് വേണ്ടത്. ആതിഥേയർ ആതിഥ്യമരുളുന്നതിന്റെ കടമകൾ നിറവേറ്റാൻ പൂർണ്ണമായി ശ്രമിക്കണം, അവർ അത് ചെയ്യുന്നുമുണ്ട്. എന്നാൽ അതു പോലെ, പങ്കെടുക്കുന്നവരുടെയും കടമയാണ്, പ്രവർത്തകരിൽ എന്തെങ്കിലും ദൗർബല്യങ്ങളോ കുറവുകളോ പിഴവുകളോ ഉണ്ടെങ്കിൽ അവയെ കാര്യമാക്കാതിരിക്കുക എന്നത്. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ ഏതൊരു ലക്ഷ്യത്തിനാണോ ഇവിടെ വന്നത് ആ ലക്ഷ്യം നേടുന്നവരായി തീരും. അതിലൂടെ പരസ്പര ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുകയും ചെയ്യും. ഇവിടെ വരുന്നതിന്റെ ലക്ഷ്യം എന്താണെന്ന് എല്ലാ അതിഥികളും മുന്നിൽ വയ്ക്കേണ്ടതാണ്. ആ ലക്ഷ്യം ഉന്നതധാർമ്മികതയിലൂടെയും ദൈവസ്മരണയിലൂടെയും മാത്രമേ പൂർണ്ണമാകൂ.

ഭക്ഷണഹാളിൽ ഭക്ഷണത്തെ വിലമതിക്കുക എന്നത് ഓരോ അതിഥിയുടെയും കടമയാണ്. അതുകൊണ്ട് അതിഥികൾ വാർഷിക സമ്മേളനത്തിന്റെ ഈ ദിവസങ്ങളിൽ ഭക്ഷണത്തെ അനുഗ്രഹമായി കണ്ട് കഴിക്കുകയും അത് പാഴാക്കാതിരിക്കുകയും ചെയ്യുക. അങ്ങനെ ജോലി ചെയ്യുന്നവർക്ക് എളുപ്പമുണ്ടാക്കാൻ എപ്പോഴും ശ്രദ്ധിക്കുക. ജൽസയുടെ ലക്ഷ്യം പൂർത്തിയാക്കണമെന്ന കാര്യം എപ്പോഴും ഓർക്കുക. ഈ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാനും അതിലൂടെ നിങ്ങളുടെ ഭാണ്ഡങ്ങൾ നിറയ്ക്കാനും ശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം ഈ ജൽസ ആരംഭിച്ചത് ഈ അനുഗ്രഹങ്ങൾക്കുവേണ്ടിയാണ്. അവിടുന്ന് ഒരു അവസരത്തിൽ ഇങ്ങനെയും പറഞ്ഞു: ഏത് കാര്യവും അല്ലാഹുവിനുവേണ്ടിയായിരിക്കണം, ഏത് സംസാരവും അല്ലാഹുവിനുവേണ്ടിയായിരിക്കണം. അതുകൊണ്ട്, ഈ അധ്യാപനം ഓരോ വ്യക്തിയും ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണ്. നമ്മൾ നമ്മുടെ ദിനങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ചെലവഴിക്കുക. ജൽസ കേൾക്കുമ്പോഴും നിങ്ങളുടെ നാവുകൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ദൈവനാമം ഉരുവിട്ടുകൊണ്ടിരിക്കുക. പിന്നീട് നടക്കുമ്പോഴും ഇരിക്കുമ്പോഴും ആളുകളുമായി സംസാരിക്കുമ്പോൾ പോലും മതപരമായ കാര്യങ്ങൾ മാത്രം സംസാരിക്കുക. ദൈവസ്മരണയിൽ അധിഷ്ഠിമായ കാര്യങ്ങൾ സംസാരിക്കുക. ഇത് സംഭവിക്കുമ്പോൾ, തീർച്ചയായും ഈ ജൽസയുടെ ലക്ഷ്യം പൂർത്തിയാകുന്ന അന്തരീക്ഷം സംജാതമാകുന്നതായിരിക്കും.

ഹുസൂർ തിരുമനസ്സ് അരുളി: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയത്തിൽ വലിയ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ജൽസയുടെ നടപടിക്രമങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നില്ലെങ്കിൽ, നിങ്ങൾ ഇവിടെ ജൽസയിൽ വന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നമ്മുടെ ലക്ഷ്യം ആത്മപരിഷ്കരണം നടത്തുക, നമ്മുടെ മതപരമായ അറിവ് വർദ്ധിപ്പിക്കുക, നമ്മുടെ ആത്മീയ അവസ്ഥ മെച്ചപ്പെടുത്തുക എന്നതാണ് എന്ന് നാം പ്രത്യേകം ഓർക്കണം. അതിനായി നാം പൂർണ്ണമായി ശ്രമിക്കേണ്ടതാണ്. ധാർമ്മികമായ നിലയിലും നാം അവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ സുഹൃത്തുക്കൾക്കും സഹോദരങ്ങൾക്കും വേണ്ടി ത്യാഗമനോഭാവം വളർത്തുക. ഹൃദയത്തിലെ വിദ്വേഷങ്ങൾ ഇല്ലാതാക്കുക. ഇതും ഒരു വലിയ ലക്ഷ്യമാണ്. ആയിരക്കണക്കിന് ആളുകൾ ഒത്തുകൂടിയിരിക്കുന്ന ഈ അന്തരീക്ഷം, ഇതിൽ പരസ്പരം സാഹോദര്യത്തോടും സ്നേഹത്തോടും കൂടി പെരുമാറുന്നതായാൽ, സ്നേഹവും വാത്സല്യവും സാഹോദര്യവും സംജാതമാകുന്ന ഒരു സാഹചര്യവും അന്തരീക്ഷവും ഉണ്ടായിത്തീരും. ഇസ്ലാമിക അധ്യാപനങ്ങളുടെ പ്രത്യേകതയാണ് അത്. ഇവ പ്രാവർത്തികമാക്കികൊണ്ട് മാത്രമേ ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ അടുക്കൽ വിജയിക്കാനും അവന്റെ അനുഗ്രഹങ്ങൾ നേടാനും കഴിയൂ. അതുകൊണ്ട്, പ്രവർത്തകരും അതിഥികളും ഈ കാര്യത്തിൽ ശ്രദ്ധിക്കുക. നമ്മുടെ സ്വഭാവം എപ്പോഴും ഉന്നതമായിരിക്കണം. എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടാൻ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

ഹുസൂർ തിരുമനസ്സ് ജൽസ സാലാനയുമായി ബന്ധപ്പെട്ട് അയൽക്കാരോടുള്ള സത്പെരുമാറ്റം, റോഡുനിയമങ്ങൾ പാലിക്കൽ, ശുചിത്വം, കുഞ്ഞുങ്ങളുമായി വന്ന സ്ത്രീകൾ, പാർക്കിംഗ്, ഗേറ്റ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഉപദേശം നല്കി.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹു നിങ്ങളെല്ലാവർക്കും ഈ ജൽസയിൽ നിന്ന് പൂർണ്ണ പ്രയോജനം നേടാൻ തൗഫീഖ് നൽകട്ടെ. അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം നേടുന്നവരായി തീരട്ടെ. ഇവിടെ നിന്ന് തിരികെ പോകുമ്പോൾ നിങ്ങളുടെ ആത്മീയ ഭാണ്ഡം നിറച്ച് തിരികെ പോകുന്നവരാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടി തിരിച്ചുപോകുന്നവരാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി

തിരിച്ചു പോകുന്നവരാകട്ടെ. അല്ലാഹു തആലാ എപ്പോഴും നിങ്ങളുടെ ജീവിതത്തിലും നിങ്ങളുടെ തലമുറകളിലും അനുഗ്രഹം ചൊരിയട്ടെ. എപ്പോഴും അഹ്മദിയ്യത്തിന്റെ ഒരു ഉപയോഗപ്രദമായ അസ്തിത്വമായി ലോകത്ത് നിങ്ങൾ ജീവിക്കുന്നവരാകട്ടെ. നിങ്ങളുടെ തലമുറകളും അങ്ങനെ ഒരു പരിശുദ്ധവും ഉപയോഗപ്രദവുമായ അസ്തിത്വമായി ലോകത്ത് ജീവിക്കുന്നവരാകട്ടെ, അല്ലാഹു ഖിയാമത്ത് വരെ ഈ പരമ്പര തുടരട്ടെ.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു: കഴിഞ്ഞ വർഷങ്ങളിലെ പോലെ ഈ വർഷവും വിവിധ വകുപ്പുകളുടെ എക്സിബിഷനുകളുണ്ട്, അവ നല്ല വിജ്ഞാനപ്രദവും അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗവുമാണ്, രസകരവുമാണ്. അവയും കാണാൻ ശ്രമിക്കുക. എല്ലാ പ്രദർശനങ്ങളും ഒരു സ്ഥലത്താണ് ഉള്ളത്. അതുപോലെ, ബുക്സ്റ്റാളുകളിൽ പുതിയ പുസ്തകങ്ങളും വന്നിട്ടുണ്ട്. അവിടെയും തീർച്ചയായും പോകുക. ഇടവേളയിൽ വെറുതെ കടകളിൽ കറങ്ങിനടക്കുകയോ അവിടെ നിന്ന് സാധനങ്ങൾ വാങ്ങുകയോ ചെയ്യരുത്, മറിച്ച് ഈ ആത്മീയ നേട്ടത്തിൽ നിന്നും പ്രയോജനം നേടാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും തൗഫീഖ് നൽകട്ടെ.

***വിവ: ആരിഫ് മുഹമ്മദ് ബി.എം.***

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT HADEEQATUL MAHDI UK ON 25.07.2025
MALAYALAM TRANSLATION BY ARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516